# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ: കെ.ബി വത്സലകുമാരി)**

വിഷയം: കുടുംബശ്രീ സിഡിഎസുകളുടെ ഭരണ നിർവ്വഹണ ഗ്രാന്റ് - വർദ്ധനവ് - തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. 05/05/2008 ലെ കുടുംബശ്രീ എക്സിക്യുട്ടീവ് കമ്മറ്റി യോഗ തീരുമാനം
2. കുടുംബശ്രീ എക്സിക്യുട്ടീവ് ഡയറക്ടറുടെ 26/06/2008 ലെ 1041/2007/കെഎസ്/എ2 നമ്പർ നടപടി ക്രമം
3. കുടുംബശ്രീ എക്സിക്യുട്ടീവ് ഡയറക്ടറുടെ 29/04/2009 ലെ ഇതേ നമ്പർ ഉത്തരവ്
4. 02/03/2013 ലെ കുടുംബശ്രീ എക്സിക്യുട്ടീവ് കമ്മറ്റി യോഗത്തിലെ അജണ്ട നം.18 തീരുമാനം
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.03.2013 ലെ ഇതേ നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ കെ.എസ്/എം/2428/08 തീയതി 15..10..2013</u>**

കുടുംബശ്രീ സിഡിഎസുകളുടെ ദൈനംദിന ഭരണ ചെലവുകളുടെ നിർവ്വഹണത്തിനും, സുഗമവും, സജീവുമായ പ്രവർത്തനത്തിനും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് സംബന്ധിച്ച് സൂചന (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ 15 വാർഡുവരെയുള്ള പഞ്ചായത്തുകളിൽ സിഡിഎസ് ഭരണസമിതി അംഗങ്ങൾക്കുള്ള യാത്രാബത്തയായി പ്രതിമാസം 600 രൂപയും ത്രൈമാസം 1800 രൂപയും എന്നത് പ്രതിമാസം 1100 രൂപയും ത്രൈമാസം 3300 രൂപയും എന്ന നിരക്കിൽ തിരുത്തി ഉത്തരവാകുന്നു. ഇതുപ്രകാരം 15 വാർഡുകൾ വരെയുള്ള പഞ്ചായത്തുകൾക്ക് കുടുംബശ്രീ സിഡിഎസ് ഭരണ നിർവ്വഹണ ഗ്രാന്റായി 3775 രൂപ പ്രതിമാസം ചെലവഴിക്കുന്നതിനും ത്രൈമാസം 11325 രൂപ വരെ ചെലവഴിക്കുന്നതിനും അനുമതി നൽകുന്നു. ഇപ്രകാരം തിരുത്തൽ വരുത്തിയ ഭരണനിർവ്വഹണ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.

ഭരണ നിർവ്വഹണ ഗ്രാന്റിന്റെ വിതരണ വിനിയോഗ മാർഗ്ഗരീതി സംബന്ധിച്ചും, സിഡിഎസുകൾ പാലിക്കേണ്ട നിബന്ധനകളെ സംബന്ധിച്ചും സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ തന്നെ തുടർന്നും അനുവർത്തിക്കേണ്ടതാണ്.

(ഒപ്പ്)
എക്സിക്യുട്ടീവ് ഡയറക്ടർ
കുടുംബശ്രീ.

1. എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും,
2. അക്കൗണ്ട്സ് വിഭാഗം, സംസ്ഥാനമിഷൻ
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4. പിആർഒ,
5. ഇ- സെക്ഷൻ

പകർപ്പ്:
സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

Valsal

അക്കൗണ്ട്സ് ഓഫീസർ

**അനുബന്ധം**

| **ഇനം** | **പ്രതിമാസ തുക (രൂപ)** | **ത്രൈമാസ തുക (രൂപ)** |
|---|---|---|
| സ്റ്റേഷനറി | 350 | 1050 |
| തപാൽ | 75 | 225 |
| മീറ്റിംഗ് റിഫ്രെഷ്മെന്റ്സ് | 500 | 1500 |
| സിഡിഎസ് ചെയർപേഴ്സന്റെ യാത്രാബത്ത | 500 | 1500 |
| സിഡിഎസ് സബ്കമ്മറ്റി കൺവീനർമാരുടെ യാത്രാബത്ത | 800 | 2400 |
| സിഡിഎസ് ഭരണ സമിതി അംഗങ്ങളുടെ യാത്രാബത്ത | 1100 | 3300 |
| സിഡിഎസ് ചെയർപേഴ്സന്റെ ടെലഫോൺ ചാർജ്ജ് | 250 | 750 |
| മറ്റ് ഇനങ്ങൾ | 200 | 600 |
| **ആകെ** | **3775** | **11325** |
| **ആകെ തുക (വാർഷികം)** | **45300** | |

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ